# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

കോടഞ്ചേരി പി.ഒ.,673580 കോഴിക്കോട്

ഫോൺ 0495-2236230 kodencherypanchayath@gmail.com

നമ്പർ - 915691-2026 തീയതി – 12/05/2026

പ്രേഷിതൻ

സെക്രട്ടറി
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

വില്ലേജ് ഓഫീസർ
കോടഞ്ചേരി/ നെല്ലിപ്പൊയിൽ/ കൂടത്തായി

കൃഷി ഓഫീസർ, കോടഞ്ചേരി

സബ് രജിസ്ട്രാർ, സബ് രജിസ്ട്രാറുടെ ഓഫീസ്, കോടഞ്ചേരി

സർ,

വിഷയം – കോടഞ്ചേരി ഗ്രാമപഞ്ചായത്ത് – ചെമ്പിലി ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള കരട് ബൈലോ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന – കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04/02/2026 തീയതിയിലെ 10-ാം നമ്പർ തീരുമാനം.

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സൂചന പ്രകാരം അംഗീകരിച്ച ചെമ്പിലി ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള കരട് ബൈലോ താങ്കളുടെ ആഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

**ഉള്ളടക്കം**

ഗ്യാസ് ക്രിമിറ്റോറിയം നടത്തിപ്പിനുള്ള കരട് ബൈലോ

Received
12/05/26
വില്ലേജ് ഓഫീസർ
നെല്ലിപ്പൊയിൽ

Received
13.05.26
VILLAGE OFFICER
KODANCHERY

Received
13/05/2026
SUB REGISTRAR
KODENCHERY

Received by
AGRICULTURAL OFFICER
Krishi Bhavan, Kodenchery P.O.
Kozhikode - 673 580

Received
13/5/26
VILLAGE OFFICER
KOODATHAI

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

പി.ഒ. കോടഞ്ചേരി – 673 580 കോഴിക്കോട് ജില്ല,

ഫോൺ – 0495–2236230

**E-mail :kodencherypanchayath@gmail.com**


# ഗ്യാസ് ക്രിമറ്റോറിയംനടത്തിപ്പിനുള്ള കരട് ബൈലോ

(04/02/2026 ൽ ചേർന്ന പഞ്ചായത്ത് യോഗം 10-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച കരട് ബൈലോ )

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

പി.ഒ. കോടഞ്ചേരി – 673 580 കോഴിക്കോട് ജില്ല,
ഫോൺ – 0495–22236230
E-mail : kodencherypanchayath@gmail.com


# ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള കരട് ബൈലോ

(1995 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 –ാം വകുപ്പും 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ 12 –ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 04/02/2026 ലെ 10 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും പൊതുചർച്ചയ്ക്കും, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഉന്നയിക്കുന്നതിനും അവസരം നൽകിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന കരട് ബൈലോ

**നിർവ്വചനങ്ങൾ:**

ഈ ബൈലയിൽ സന്ദർഭം മറ്റൊരുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം

- 'ആക്ട്' എന്നാൽ 1995 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എന്നർത്ഥമാകുന്നു.
- 'പഞ്ചായത്ത്' എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു.
- 'സെക്രട്ടറി' എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു.
- "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാക്കുന്നു
- "വകുപ്പ്" എന്നാൽ ആക്ടിലെ ഒരു വകുപ്പ് എന്ന് അർത്ഥമാക്കുന്നു.

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

- "ബൈലോ" എന്നാൽ ആക്ടിലെ 256–ാം വകുപ്പ് പ്രകാരം കോടഞ്ചേരി പഞ്ചായത്ത് ഉണ്ടാക്കുന്ന ബൈലോ എന്നർത്ഥമാക്കുന്നു.

ഈ ബൈലോയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ അവയ്ക്കു നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**വ്യവസ്ഥകൾ:**

1. കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്നതിലേക്കായാണ് ഈ ഗ്യാസ് ക്രിമിറ്റോറിയം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഉടമസ്ഥതയും നിയന്ത്രണവും കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.
2. ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നടത്തിപ്പ് ചുമതല പഞ്ചായത്തിന്റെ ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും മൂന്നു മാസത്തിൽ ഒരു തവണയെങ്കിലും കമ്മിറ്റി ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്.
3. ശ്മശാനത്തിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന സംഗതിയിൽ കാലാകാലങ്ങളിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഫീസ് ഈടാക്കിക്കൊണ്ട് മൃതദേഹങ്ങൾ സംസ്കരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾക്കായി പഞ്ചായത്ത് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്.
4. ശ്മശാനം പരിപാലിക്കുന്നതിനും, മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതാണ്.
5. ശ്മശാനം സൂക്ഷിപ്പുകാർ വ്യവസ്ഥകൾ ലംഘിക്കുകയോ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയോ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യത്തിന് വിപരീതമായി പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ടിയാനെ നീക്കം ചെയ്യാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ടിയാന്റെ നടപടികൾ മൂലം കെട്ടിടത്തിനും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം വസൂലാക്കുന്നതിന് ടിയാന്റെ പേരിൽ

നിയമനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ശ്മശാനത്തിന്റെ/ക്രിമിറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം എന്നിവ സംബന്ധിച്ച് ചെയ്യേണ്ട നിർദ്ദേശങ്ങൾ യഥാസമയം പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കേണ്ടതും അപ്രകാരമുള്ള പ്രവർത്തികൾ പഞ്ചായത്ത് ബഡ്ജറ്റിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നിർവ്വഹിക്കേണ്ടതുമാണ്.

7. ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതൊഴികെയുള്ള ഏതെങ്കിലും രീതിയിലുള്ള സംസ്കരണം അനുവദിക്കുന്നതല്ല.

8. ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്നവർ അനുബന്ധം – 2 ൽ ഒരു അപേക്ഷ പൂരിപ്പിച്ച് പഞ്ചായത്തിൽ നൽകേണ്ടതാണ്.

9. ശ്മശാനത്തിൽ ദഹിപ്പിക്കുന്ന മൃതദേഹങ്ങളെയും മൃതദേഹം കൊണ്ടു വരുന്നയാളെയും മൃതദേഹം സംസ്കരിച്ചത് സംബന്ധിച്ചും ഒരു രജിസ്റ്റർ അനുബന്ധം 3 ൽ പഞ്ചായത്ത് ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിക്കേണ്ടതാണ്.

10. പൊതു അവധി ദിവസം മൃതദേഹം ദഹിപ്പിക്കുന്നതിന് വാർഡ് മെമ്പർക്ക് അപേക്ഷ സ്വീകരിക്കാവുന്നതും അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ അനുവാദം നൽകാവുന്നതുമാണ്. ഇപ്രകാരം നൽകപ്പെടുന്ന അനുവാദങ്ങളിൽ അടുത്ത പ്രവർത്തി ദിവസത്തിൽ സെക്രട്ടറിയുടെ സാധൂകരണം വാങ്ങേണ്ടതുണ്ട്.

11. മരണപ്പെട്ട ആളെയും/ശ്മശാനത്തിൽ മൃതദേഹം കൊണ്ടുവരുന്നയാളെയും തിരിച്ചറിയുന്നതിനായി സ്ഥലം എം.പി./എം.എൽ.എ./ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തു മെമ്പർ എന്നിവരിൽ ആരെങ്കിലും അനുബന്ധം-4 പ്രകാരം നൽകിയ സാക്ഷ്യപത്രവും താഴെ പറയുന്ന ഏതെങ്കിലും ഒരു രേഖയുടെ ശരിപ്പകർപ്പും അപേക്ഷയോടൊപ്പം നർബന്ധമായും ഹാജരാക്കേണ്ടതാണ്.

1. തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്.
2. ഡ്രൈവിംഗ് ലൈസൻസ്
3. പാസ്പോർട്ട്



SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

4. ആധാർകാർഡ്

5. റേഷൻ കാർഡ്

6. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സഹകരണ ബാങ്കുകൾ എന്നിവ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പാസ് ബുക്ക്

7. സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ ഫോട്ടോ കോപ്പി (ഒറിജിനൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്).

12. അപകടം/കൊലപാതകം/അസ്വാഭാവിക മരണം തുടങ്ങിയ കേസുകളിൽ പോലീസ് റിപ്പോർട്ട് കൂടി ഹാജരാക്കിയാലേ മൃതദേഹം സംസ്കരിക്കുവാൻ പാടുള്ളൂ.

13. ശ്മശാനത്തിന്റെ പ്രവർത്തന സമയം രാവിലെ 6 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരിക്കും. മൃതദേഹം ദഹിപ്പിക്കുന്നതു സംബന്ധിച്ച വിവരം വൈകുന്നേരം 4 മണിക്ക് മുമ്പായി രേഖാമൂലം പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. വൈകുന്നേരം 5 മണിക്ക് ശേഷം മൃതദേഹങ്ങൾ പ്രവേശിപ്പിക്കുകയോ, സൂക്ഷിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. അത്യാവശ്യ ഘട്ടത്തിൽ സെക്രട്ടറി / പ്രസിഡന്റിന്റെ രേഖാമൂലമുള്ള അനുമതിയോടെ സമയക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്.

14. പൊതു ശ്മശാനത്തിൽ കൊണ്ടുവന്ന് മൃതദേഹം സംസ്കരിക്കുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മൃതദേഹം കൊണ്ടുവരുന്നയാൾക്ക് ആയിരിക്കുന്നതും മൃതദേഹം പൂർണ്ണമായി കത്തി തീരുന്നതുവരെ ടിയാൻ ശ്മശാനത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

15. മൃതദേഹം ദഹിപ്പിക്കുന്നതിന് പഞ്ചായത്ത് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് മൃതദേഹങ്ങൾ കൊണ്ടുവരുന്നവർ നൽകേണ്ടതാണ്. ഇപ്രകാരമുള്ള ഫീസ് ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ആൾ നേരിട്ട് രശീതു നൽകി പിരിച്ചെടുക്കേണ്ടതുമാണ്.

16. മൃതദേഹത്തേയും മൃതദേഹം കൊണ്ടുവന്നയാളെയും സംബന്ധിച്ച് ആവശ്യമെങ്കിൽ മതിയായ അന്വേഷണങ്ങളും പരിശോധനകളും നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്കും അദ്ദേഹം ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

17. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസിനു പുറമേ മറ്റ് തുകകളൊന്നും ഈടാക്കാൻ പാടുള്ളതല്ല.

18. ശ്മശാനത്തിൽ വെച്ച് ചെയ്യുവാനുള്ള, ആചാരപരമായ ചടങ്ങുകൾ, നിർവ്വഹിക്കുന്നതിന് മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ശവദാഹത്തിന് മുമ്പും പിമ്പും ഇപ്രകാരമുള്ള ചടങ്ങുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ മൃതദേഹം കൊണ്ടുവരുന്നവർ ചെയ്യേണ്ടതാണ്.

19. ശ്മശാനവും പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്. ശ്മശാനത്തിന്റെ കോമ്പൗണ്ടിനകത്ത് പ്ലാസ്റ്റിക്കിന്റെ ഉപയോഗം (റീത്ത് മാലിന്യങ്ങൾ തുടങ്ങിയവ) അനുവദിക്കുന്നതല്ല.

20. ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡുകൾ പഞ്ചായത്ത് തയ്യാറാക്കി ശ്മശാനത്തിലും പഞ്ചായത്ത് ഓഫീസിലും പ്രദർശിപ്പിക്കേണ്ടതാണ്.

21. അനാഥ പ്രേതങ്ങളെ സംബന്ധിച്ച് പോലീസിൽ നിന്നും ക്ലീയറൻസ് ലഭിക്കുന്ന മുറയ്ക്ക് അവ ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പഞ്ചായത്ത് നേരിട്ട് ചെയ്യേണ്ടതാണ്. അനാഥ പ്രേതങ്ങൾ ദഹിപ്പിക്കുന്നതിനാവശ്യമായി വന്നേക്കാവുന്ന ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

22. ശ്മശാനത്തിലേക്ക് പൊതുവഴിയിലൂടെ കൊണ്ടുവരുന്ന ശവങ്ങൾ മാന്യമായി മറച്ചിരിക്കേണ്ടതാണ്. മൃതശരീരങ്ങൾ ശ്മശാനത്തിലേക്ക് ചുമന്നുകൊണ്ടുവരുന്നവർ യാതൊരു കാരണവശാലും അവ പൊതുവഴിയിലോ ശ്മശാനത്തിലോ ഉപേക്ഷിച്ചു പോകുവാൻ പാടുള്ളതല്ല. പോസ്റ്റുമോർട്ടം നടത്തിയ ശവമോ ശവത്തിന്റെ ഭാഗങ്ങളോ ശവപ്പെട്ടിയിൽ അടക്കം ചെയ്യാതെ പൊതുവഴിയിലൂടെ യാതൊരു സ്ഥലത്തേക്കും നീക്കം ചെയ്യാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും 4 മണിക്കൂറിൽ കൂടുതൽ മൃതദേഹം ശ്മശാനത്തിൽ സൂക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.

23. ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിന് കൊണ്ടുവരുന്ന മൃതദേഹങ്ങളെ സംബന്ധിച്ച് ശരിയായ വിവരങ്ങൾ നൽകാതിരിക്കുകയോ, വ്യാജമായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നവരിൽ നിന്നും ഖണ്ഡിക 29 ൽ പറയുന്ന പ്രകാരം പിഴ ചുമത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

24. അപ്രതീക്ഷിതമായ അപകടങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ എന്നിവ മൂലമുണ്ടാകുന്ന കൂട്ടമരണങ്ങളിൽ മൃതദേഹങ്ങൾ പൊതുശ്മശാനത്തിൽ ദഹിപ്പിക്കേണ്ട അടിയന്തിരഘട്ടങ്ങൾ



SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

ഉണ്ടാവുകയാണെങ്കിൽ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

25. ബൈലോയുടെ ലംഘനം നടത്തുന്ന ഏതൊരാളും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 256(2) പ്രകാരം പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായിരിക്കും. ആദ്യ ലംഘനത്തിന് 500/- രൂപ വരെയും ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപ വരെയും പിഴ ഒടുക്കേണ്ടതാണ്.

## അനുബന്ധം 1

2026............................... മാസം ...................ാം തീയതി ............ ഗ്രാമപഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും ............... താലൂക്കിൽ ....................... വില്ലേജിൽ ..................... ദേശത്ത്/കരയിൽ ................................................... വീട്ടിൽ ............................ മകൻ .............................. വയസ്സുള്ള ........................ എന്നവർ രണ്ടാം കക്ഷിയായും ഒപ്പിട്ട കരാർ.

.................................... ഗ്രാമപഞ്ചായത്തിന്റെ ........................ പൊതുശ്മശാനം പ്രവർത്തിപ്പിക്കുന്നതിനായി ഒന്നാം കക്ഷി ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം രണ്ടാം കക്ഷി ക്വട്ടേഷൻ സമർപ്പിക്കുകയുണ്ടായി. ................ തീയതിയിൽ കൂടിയ ............................ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം രണ്ടാം കക്ഷി സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും ..................... ഗ്രാമപഞ്ചായത്തിനുവേണ്ടി രണ്ടാംകക്ഷിയുമായി കരാർ ഒപ്പിടുന്നതിന് ഒന്നാം കക്ഷിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ഒന്നും രണ്ടും കക്ഷികൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

**വ്യവസ്ഥകൾ:**

1. ............................ ഗ്രാമപഞ്ചായത്തിന്റെ ..................... പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിച്ച് ഫീസ് പിരിക്കുന്നതിനുള്ള

കുത്തക ജോലി 2026.............. മാസം തീയതി മുതൽ 20...................... മാസം ........................ തീയതി വരെ മൊത്തം ............ രൂപ മുൻകൂർ അടച്ച് കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിയെ തെരഞ്ഞെടുത്തിരിക്കുന്നു.

2. ശ്മശാനത്തിൽ ദഹിപ്പിക്കുന്ന ഓരോ മൃതദേഹത്തിനും .................. രൂപ നിരക്കിൽ ഫീസ് മൃതദേഹങ്ങൾ കൊണ്ടുവരുന്നവരിൽ നിന്നും ഈടാക്കിയെടുക്കുന്നതിനും ഒന്നാം കക്ഷി രണ്ടാം കക്ഷിയെ അനുവദിച്ചിരിക്കുന്നു.
3. കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ എൽ.പി.ജി. പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി ഒന്നാം കക്ഷിയുടെ ഉത്തരവ് പ്രകാരം കൊണ്ടുവരുന്ന മൃതദേഹങ്ങളും, മൃതദേഹങ്ങൾ പൊതിഞ്ഞുകൊണ്ടുവരുന്ന വസ്ത്രങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ പൂർണ്ണമായും ദഹിപ്പിക്കുന്ന ജോലി തൃപ്തികരമായും ഭംഗിയായും പരാതിക്കിടയാകാത്ത വിധം യഥാസമയം നിർവ്വഹിച്ചുകൊള്ളാമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു.
4. ഒന്നാം കക്ഷിയോ, ഒന്നാം കക്ഷി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രേഖാമൂലം നൽകുന്ന ഉത്തരവുകൾക്ക് വിധേയമായി മാത്രമേ രണ്ടാംകക്ഷി പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുവാൻ പാടുള്ളു.
5. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിലേക്കായി കൊണ്ടുവരുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസിനു രണ്ടാം കക്ഷി മതിയായ രശീത് നൽകേണ്ടതാണ്.
6. പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനുവേണ്ട ഇന്ധനം (ഗ്യാസ്) രണ്ടാംകക്ഷി സ്വന്തം ചെലവിൽ ശേഖരിച്ച് ശ്മശാനത്തിൽ സൂക്ഷിക്കേണ്ടതും മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ആവശ്യമായ ഇന്ധനം ഉപയോഗിച്ച് മൃതദേഹങ്ങളും മൃതദേഹത്തെ പൊതിഞ്ഞുകൊണ്ടു വരുന്ന വസ്ത്രങ്ങളും പൂർണ്ണമായും ദഹിപ്പിച്ചു കളയേണ്ടതുമാണ്.
7. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് മുമ്പ് അനുബന്ധം – 5 പ്രകാരമുള്ള കുറിപ്പ് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി ഉറപ്പുവരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന കുറിപ്പുകൾ ക്രമ നമ്പരിട്ട് സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അനുബന്ധം – 3 പ്രകാരമുള്ള ഒരു രജിസ്റ്ററിൽ രണ്ടാം കക്ഷി കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും മാസത്തിലൊരിക്കൽ പരിശോധനയ്ക്കായി പഞ്ചായത്ത് ആഫീസിൽ ഹാജരാക്കി ഒന്നാം കക്ഷിയെക്കൊണ്ടോ ഒന്നാം കക്ഷി ചുമതലപ്പെടുത്തുന്ന



SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO. 583619, PH: 7559062652

ഉദ്യോഗസ്ഥനെക്കൊണ്ടോ പരിശോധിപ്പിച്ച് ഒപ്പ് വെച്ചു സൂക്ഷിക്കേണ്ടതുമാണ്. കരാർ അവസാനിക്കുമ്പോൾ പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

8. ശ്മശാന നടത്തിപ്പിനാവശ്യമായ തൊഴിലാളികളെ രണ്ടാം കക്ഷിക്ക് നിയമിക്കാവുന്നതാണ്. എന്നാൽ രണ്ടാം കക്ഷി മറ്റൊരാൾക്ക് കരാർ നൽകി ശ്മശാനം നടത്താൻ പാടുള്ളതല്ല.

9. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതൊഴികെയുള്ള യാതൊരു വിധത്തിലുള്ള സംസ്കരണ രീതിയും രണ്ടാം കക്ഷി സ്വീകരിക്കുവാൻ പാടില്ലാത്തതാണ്.

10. മൃതദേഹങ്ങൾ യാതൊരു കാരണവശാലും വൈകുന്നേരം 6 മണിക്കുശേഷം ശ്മശാനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി ഒന്നാം കക്ഷി അനുവദിച്ചിട്ടുള്ള മൃതദേഹങ്ങൾ പൊതുശ്മശാനത്തിലെത്തി ഉടൻ തന്നെ ദഹിപ്പിക്കുന്നതിനുള്ള പ്രക്രിയ രണ്ടാം കക്ഷി ആരംഭിച്ചിരിക്കേണ്ടതാണ്.സെക്രട്ടറി/പ്രസിഡന്റിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയോടെ ഈ സമയക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്.

11. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് അനുവദനീയമായ ഫീസ് ഒഴികെ യാതൊരു വിധത്തിലുള്ള തുകകളും രണ്ടാം കക്ഷി പൊതുജനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല.

12. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ കൊണ്ടുവരുന്നവരുടെ ചെലവിൽ ദഹിപ്പിക്കുന്നതിന് മുൻപും പിൻപും ആചാരപരമായ ചടങ്ങുകൾ നിർവ്വഹിക്കുന്നതിന് താല്പര്യപ്പെടുന്ന പക്ഷം സൗകര്യങ്ങൾ രണ്ടാം കക്ഷി ചെയ്തുകൊടുക്കേണ്ടതാണ്.

13. പൊതുശ്മശാനവും പരിസരങ്ങളും എല്ലായ്പ്പോഴും ശുചിയായും വൃത്തിയായും സൂക്ഷിച്ചുകൊള്ളുമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു. ശ്മശാനത്തിനു ചുറ്റും ലഭ്യമായ സ്ഥലങ്ങളിൽ പൂച്ചെടികളും തണൽമരങ്ങളും നട്ടുനനച്ച് പരിപാലിക്കുന്നതിന് ഒന്നാം കക്ഷിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

14. കോടഞ്ചേരിഗ്രാമപഞ്ചായത്ത് വക പൊതുശ്മശാനം നടത്തിപ്പിനായി പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള ബൈലോ പ്രകാരം പ്രവർത്തിക്കുന്നതിന് ഒന്നും രണ്ടും കക്ഷികൾ ബാധ്യസ്ഥരായിരിക്കും.

15. മൃതദേഹങ്ങൾ കൊണ്ടുവരുന്നവരോട് രണ്ടാം കക്ഷി സഹാനുഭൂതിയോടെയും മാന്യമായും പെരുമാറേണ്ടതാണ്. മൃതദേഹങ്ങളോട് രണ്ടാം കക്ഷി ആദരവും ബഹുമാനവും പ്രകടിപ്പിക്കേണ്ടതാണ്.

16. ഈ കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രണ്ടാം കക്ഷി പ്രവർത്തിക്കുന്നതുമൂലം എന്തെങ്കിലും ബുദ്ധിമുട്ടോ കഷ്ടതകളോ ഉണ്ടാകാൻ ഇടയായാൽ ആയതിന് രണ്ടാം കക്ഷി ഉത്തരവാദിയായിരിക്കുന്നതും അപ്രകാരം ഉണ്ടാകുന്ന നഷ്ടം രണ്ടാം കക്ഷിയിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം കക്ഷിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. മേൽ വ്യവസ്ഥകൾ പരസ്പരം സമ്മതിച്ച് ഈ കരാറിൽ ഇന്നേ ദിവസം താഴെ പറയുന്ന സാക്ഷികൾ മുമ്പാകെ ഒന്നും രണ്ടും കക്ഷികൾ ഒപ്പുവെച്ചിരിക്കുന്നു.

1. ഒന്നാം കക്ഷി (പഞ്ചായത്ത് സെക്രട്ടറി) ....................................

സാക്ഷികൾ:

1. ...........................................................................

2. ...........................................................................

2. രണ്ടാം കക്ഷി (കരാറുകാരൻ) ..............................................

സാക്ഷികൾ:

1. ...........................................................................

2. ...........................................................................

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

അനുബന്ധം 2

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിന് അനുവാദത്തിനുള്ള അപേക്ഷ

സെക്രട്ടറി,
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്.

സർ,

താഴെ പറയുന്നയാളുടെ മൃതദേഹം കോടഞ്ചേരിഗ്രാമപഞ്ചായത്തു വക പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് അപേക്ഷിക്കുന്നു.

(എ) മരണപ്പെട്ടയാളെ സംബന്ധിക്കുന്ന വിവരങ്ങൾ

1. പൂർണ്ണമായ പേര്
2. പിതാവിന്റെ/ഭർത്താവിന്റെ പേര്
3. പൂർണ്ണമായ മേൽവിലാസം
4. വാർഡ് നമ്പർ : വീട്ടുനമ്പർ :

   പിൻ നമ്പർ : ഫോൺ നമ്പർ :
5. വയസ് :

   സ്ത്രീ/പുരുഷൻ :

   മതം :

   തൊഴിൽ :

   ദേശീയത്വം :
6. വിവാഹനില : വിവാഹിതൻ/അവിവാഹിതൻ/വിവാഹിത/അവിവാഹിത/വിധവ/വിഭാര്യൻ/മറ്റുള്ളവർ (ബാധകമായത് ✓ ചെയ്യുക)
7. മരണപ്പെട്ട തീയതി, സമയം :

   മരണ സ്ഥലം :
8. മരണകാരണം : സ്വാഭാവിക മരണം/ആത്മഹത്യ/അപകടം/കൊലപാതകം/പാമ്പുകടി/തീപ്പൊള്ളൽ/മുങ്ങിമരണം/മറ്റുള്ളവ (ബാധകമായത് ✓ ചെയ്യുക)
9. ചികിത്സിച്ച ആശുപത്രി/ഡോക്ടറുടെ വിലാസം:
10. മരണം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ? ഉണ്ട്/ഇല്ല

11. പോലീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ? ഉണ്ട്/ഇല്ല

12. മരണപ്പെട്ടയാളെ തിരിച്ചറിയുന്നതിന് ഹാജരാക്കിയിട്ടുള്ള രേഖകൾ

13. മൃതദേഹം ദഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന തീയതി: സമയം:

അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ:

1. പൂർണ്ണമായ പേര് :
2. പിതാവിന്റെ/ഭർത്താവിന്റെ പേര് :
3. അപേക്ഷകന്റെ മേൽവിലാസം :
4. വാർഡ് നമ്പർ : വീട്ടുനമ്പർ :

   പിൻ നമ്പർ : ഫോൺ നമ്പർ :
5. അപേക്ഷകനും മരിച്ചയാളും

   തമ്മിലുള്ള ബന്ധം :
6. അപേക്ഷകനെ തിരിച്ചറിയുന്നതി

   നായി ഹാജരാക്കുന്ന രേഖകൾ :

### സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഹാജരാക്കിയിട്ടുള്ള രേഖകളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം പൂർണ്ണമായും സത്യമാണ്. ഹാജരാക്കിയിട്ടുള്ള രേഖകളിലോ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളിലോ എന്തെങ്കിലും അപാകതകൾ ഉള്ളതായി പിന്നീട് പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം ഉണ്ടായേക്കാവുന്ന എല്ലാവിധ നിയമ നടപടികൾക്കും ഞാൻ ഉത്തരവാദിയായിരിക്കുന്നതാണ്.

സ്ഥലം :
തീയതി:

ഒപ്പ്:
അപേക്ഷകന്റെ പേര്:

### ഓഫീസ് ഉപയോഗത്തിന്

നമ്പർ :
തീയതി:

രേഖകൾ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും

അനുവദിച്ചു/നിരസിച്ചു

ഒപ്പ്
സെക്രട്ടറി
കോടഞ്ചേരിഗ്രാമപഞ്ചായത്ത്.

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 75[illegible]

അനുബന്ധം - 3

# കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

കരാറുകാരന്റെ പേരും മേൽവിലാസവും ലൈസൻസ് നമ്പരും തീയതിയും :

**മരിച്ച ആളിനെ സംബന്ധിച്ച വിവരം**

1. ക്രമ നമ്പർ :
2. ശ്മശാനത്തിൽ കൊണ്ടുവന്ന തീയതിയും സമയവും :
3. പേര് :
4. പിതാവിന്റേയോ/ഭർത്താവിന്റേയോ പേര് :
5. മരണ തീയതി :
6. മരണ സ്ഥലം :
7. വയസ് :
8. സ്ത്രീ/പുരുഷൻ :
9. മതം/ജാതി :
10. ദേശീയത്വം :
11. മേൽവിലാസം :
12. മരണ കാരണം :
13. മരണം വൈദ്യശാസ്ത്രപരമായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ? :
14. ദഹിപ്പിച്ചോ എന്ന് :

## മൃതശരീരം കൊണ്ടുവന്ന ആളിനെ സംബന്ധിച്ച വിവരം

15. പേര് :

16. മേൽവിലാസം :

17. മരിച്ച ആളുമായുള്ള ബന്ധം :

18. ഒപ്പ് :

19. ചുമതലപ്പെടുത്തിയ ആളിന്റെ ഒപ്പ് :

20. റിമാർക്സ് :

21. മരിച്ച ആളിനെ സംബന്ധിച്ച വിവരം :

22. മൃതശരീരം കൊണ്ടുവന്ന ആളിനെ സംബന്ധിച്ച വിവരം :

23. **കോടഞ്ചേരി** ഗ്രാമപഞ്ചായത്ത് കരാറുകാരന്റെ പേരും മേൽവിലാസവും ലൈസൻസ് നമ്പരും തീയതിയും :

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652

അനുബന്ധം – 4

# സാക്ഷ്യപത്രം

……………………………… താലൂക്കിൽ ……………………………… വില്ലേജിൽ ……………………………… മുനിസിപ്പാലിറ്റിയിൽ/പഞ്ചായത്തിൽ ………… … വാർഡിൽ ……………………………… കരയിൽ/ദേശത്ത് ………………………………വീട്ടിൽ താമസം ……………………………… എന്നയാളുടെ മകൻ/മകൾ/ഭാര്യ ……………………………… എന്നയാളെ എനിക്ക് നേരിട്ടറിയാവുന്നതും ടിയാൻ ……………………………… തീയതിയിൽ ……… ……………………………… സ്ഥലത്ത് വെച്ച് (മരണകാരണം) മൂലം മരണപ്പെട്ടിട്ടുള്ളതായും സാക്ഷ്യപ്പെടുത്തുന്നു.

പരേതന്റെ മൃതദേഹം **കോടഞ്ചേരി** ഗ്രാമപഞ്ചായത്ത് പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്ന ……………………………… താലൂക്ക് ……………………………… വില്ലേജിൽ……………………………… മുനിസിപ്പാലിറ്റി/പഞ്ചായത്തിൽ ………… വാർഡിൽ ………………………………ദേശത്ത്/കരയിൽ ……………………………… വീട്ടിൽ താമസിക്കും ……………………………… എന്നയാളെ എനിക്ക് നേരിട്ടറിയാവുന്നതാണ്. ടിയാന്റെ അപേക്ഷ പരിഗണിച്ച് ടി മൃതദേഹം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പൊതുശ്മശാനത്തിൽ ദഹിപ്പിക്കാൻ അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തുകൊള്ളുന്നു.

ഒപ്പ് :

പേര് :

സ്ഥാനപ്പേര്:

ഓഫീസ് വിലാസം:

സ്ഥലം:

തീയതി: (സീൽ)

അനുബന്ധം – 5

## ശ്മശാനം കരാറുകാരനുള്ള കുറിപ്പ്

ഫയൽ നമ്പർ:

ശ്രീ/ശ്രീമതി. ......................................,
ശ്മശാനം കോൺട്രാക്ടർ,
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്.

കോഴിക്കോട് ജില്ലയിൽ ................................... താലൂക്കിൽ ............................ പഞ്ചായത്തിൽ ..................................................... വില്ലേജിൽ........................ ദേശത്ത് ........................................... വീട്ടിൽ ............................................. എന്ന ......................... വയസ്സുള്ള സ്ത്രീ/പുരുഷന്റെ മൃതദേഹം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ശ്മശാനത്തിൽ സംസ്കരിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ മൃതദേഹവുമായി വരുന്ന ശ്രീ/ശ്രീമതി. ................................................... എന്നയാൾക്ക് മൃതദേഹം സംസ്കരിക്കുന്നതിനായുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

സെക്രട്ടറി,
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്.

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

SEENATH. K
SECRETARY
KODENCHERY GRAMA PANCHAYATH
PEN NO: 583619, PH: 7559062652